# മഞ്ചൽ: ഹാസ്യത്തിന്റെ ആഖ്യാനവഴികൾ

**ദിൽഷ പി. കെ.**
ഗവേഷക, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല

ഒരു വിഷയവും ഹാസ്യത്തിനു പുറത്തല്ല എന്നു തന്റെ രചനയിലൂടെ തെളിയിച്ച എഴുത്തുകാരനാണ് വി.കെ.എൻ. സ്വത്വപ്രതിസന്ധികളും അസ്തിത്വവാദവും കേന്ദ്രമാക്കിയുള്ള നോവലുകളും കഥകളും ആധുനികതയെ ആഘോഷമാക്കിയ കാലത്താണ് ഹാസ്യസാഹിത്യത്തിലൂടെ വി.കെ.എൻ. സമകാലികസംഭവങ്ങളോട് സംവദിച്ചത്. ഭൂത-വർത്തമാനകാലങ്ങളുടെ എല്ലാ പോരായ്മകളെയും ആധുനികതയുടെ പരിസരത്തുനിന്നുകൊണ്ടുതന്നെ തന്റെ എഴുത്തിലൂടെ ഹാസ്യാത്മകമായി അദ്ദേഹം വിമർശിച്ചു. മലയാളസാഹിത്യത്തിന് ചിരപരിചിതമായ ചട്ടക്കൂടിൽ നിൽക്കുന്നവയല്ല വി.കെ.എന്നിന്റെ കൃതികൾ. വായിൽതോന്നുന്നതെന്തും കുത്തിനിറയ്ക്കാൻ കഴിയുന്ന ഒന്നാണ് സാഹിത്യം എന്ന ധാരണയെ, എഴുത്തിൽ ഓരോ വാക്കും അക്ഷരവും അധികാർത്ഥങ്ങളിൽ പ്രയോഗിച്ചുകൊണ്ട് അദ്ദേഹം തിരുത്തിക്കുറിച്ചു.

ഏതൊരുകലാസൃഷ്ടിയുടെയും അവതരണരീതിയെയാണ് ആഖ്യാനം എന്നുപറയുന്നത്. പ്രമേയത്തെ ഫലപ്രദവും അർത്ഥപൂർണ്ണവുമാക്കുന്നതിൽ ഇതിന് പ്രധാനപങ്കുണ്ട്. പ്രതിപാദ്യം പോലെതന്നെ പ്രധാനമാണ് പ്രതിപാദനവും, ഹാസ്യത്തെ സംബന്ധിച്ച് വിശേഷിച്ചും. വിവിധ ആഖ്യാനതന്ത്രങ്ങളാൽ ഹാസ്യത്തിന്റെ ആത്മാവ് ആഖ്യാനത്തിലാണെന്ന് തിരിച്ചറിഞ്ഞവതരിപ്പിച്ച കഥാകാരനാണ് വി.കെ.എൻ. പിതാമഹൻ, അധികാരം, ആരോഹണം, കാവി തുടങ്ങി അദ്ദേഹത്തിന്റെ കൃതികളെല്ലാം ഇതിനു ദൃഷ്ടാന്തങ്ങളാണ്. കഥാപാത്രാവിഷ്കാരം, സ്ഥല-കാലാവിഷ്കാരം, ഭാഷാശൈലി തുടങ്ങിയവയെല്ലാം ഏതൊരു

കൃതിയിലേതുംപോലെ അദ്ദേഹത്തിന്റെ കൃതികളിലും ആഖ്യാനപഠനത്തിനുള്ള സൂചകങ്ങളായി വർത്തിക്കുന്നു. എന്നാൽ ഈ അടരുകളോരോന്നും ഇഴപിരിച്ചെടുത്തു പഠിക്കുക ഇവിടെ ലക്ഷ്യമല്ല. കഥാപാത്രചിത്രീകരണത്തിലൂടെ വി.കെ.എൻ. ഹാസ്യം സൃഷ്ടിക്കുന്നതെങ്ങനെ എന്നതാണ് ഈ അവതരണത്തിൽ പരിശോധിക്കുന്നത്. മഞ്ചൽ എന്ന നോവലിനെയാണ് ഇതിന് അവലംബമായി സ്വീകരിച്ചിരിക്കുന്നത്.

ഇതിവൃത്തം

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാന്തരീക്ഷം പശ്ചാത്തലമാക്കി രചിച്ചിട്ടുള്ള നോവലാണ് മഞ്ചൽ (1969). വിക്ടോറിയാമഹാറാണി നേരിട്ട് ഭരിക്കുന്ന കാലത്ത് ഭരണത്തിന്റെ പല പടവുകളിലുമുള്ള തുക്ടി, ശിരസ്തദാർ, അധികാരി, കോൽക്കാരൻ എന്നിവരുമായെല്ലാം ബന്ധപ്പെട്ടാണ് ഇതിവൃത്തം വികസിക്കുന്നത്. മഞ്ചലിലെ പ്രധാന കഥാപാത്രങ്ങളിലൊരാളായ ശിരസ്തദാർ ഉഗ്രൻ നമ്പ്യാർ, കുഞ്ഞിമാളുവിന്റെ സഹോദരനും അധികാരിയുമായ കണ്ടരോട് പരിസരത്തുള്ള അധികാരികളെയെല്ലാം അയാളുടെ വീട്ടിൽ വരുത്താൻ ഏർപ്പാടുചെയ്യുന്നു. അതുപ്രകാരം ഉഗ്രൻ അധികാരികളുടെ രേഖകൾ പരിശോധിക്കുന്നതിനായി കണ്ടരുടെ വീട്ടിലെത്തുന്നു. വീട്ടിൽ താമസിക്കുന്നതിനിടയിൽ ഉഗ്രന് സുന്ദരിയായ കുഞ്ഞിമാളുവിൽ താല്പര്യം ജനിക്കുന്നു. തിരിച്ചുപോകുമ്പോൾ അദ്ദേഹം കുഞ്ഞിമാളുവിനെയും അവളുടെ വലിയമ്മ ഉണ്ണൂനീലിയെയും മഞ്ചലിലേറ്റി കൊണ്ടുപോവുന്നതാണ് നോവലിലെ പ്രധാന സംഭവം. നാടാകെ ഊണും സംബന്ധവുമായി നടക്കുന്ന നാണുനമ്പൂതിരി കുഞ്ഞിമാളുവിന് പുടവകൊടുത്തിട്ടുണ്ടായിരുന്നു. പക്ഷെ അശുദ്ധിയാണെന്നു പറഞ്ഞ് പുടവകൊടുത്ത അന്നുതന്നെ കാമുകനോടൊപ്പം കഴിയാനുള്ള സാമർത്ഥ്യമുണ്ട് കുഞ്ഞിമാളുവിന്. കുഞ്ഞിമാളുവിന്റെ വലിയമ്മ ഉണ്ണൂനീലിയാകട്ടെ പ്രതാപികളായ രണ്ടുപുരുഷന്മാരെ ഒരേ സമയം ഭർത്താക്കന്മാരായി നിലനിർത്തിയ തന്റേടമുള്ള സ്ത്രീയാണ്.

പ്രമേയപരമായി നോക്കുമ്പോൾ സംഭവം വീരരസപ്രധാനമാണെന്നു പറയാം. എങ്കിലും ചിരിയ്ക്കു നിദാനം ആഖ്യാനത്തിൽ അവലംബിക്കുന്ന സവിശേഷതകളാണ്. നമ്പൂതിരിസംബന്ധവും അതുമായി ബന്ധപ്പെട്ട ഉപകഥകളും ഹാസ്യത്തിനുള്ള ഉപാധികളാക്കുന്നു. രണ്ടു പുരുഷന്മാരെ ഒരേസമയം ഭർത്താക്കന്മാരായി നിലനിർത്തിയ ഉണ്ണൂനീലിയുടെ കഥ വിവരിക്കുന്നതിലൂടെ കുഞ്ഞിമാളു-നമ്പൂതിരിസംബന്ധകഥയ്ക്ക് കൂടുതൽ മികവു ലഭിക്കുന്നു.

കഥാപാത്രപരിചയം

മഞ്ചലിലെ പ്രധാന ഹാസ്യകഥാപാത്രമാണ് നാണുനമ്പൂതിരി, തിരുമനസ്സ്, തമ്പുരാൻ, പെൺകണ്ടദൈവം, നമ്പൂര്യച്ചൻ, പണ്ഡിതകോഴി എന്നെല്ലാം അറിയപ്പെടുന്ന നാണുക്കിളി. പണ്ഡിതനായി അറിയപ്പെടുകയും പണ്ഡിതന്റെ നേർവിപരീതസ്വഭാവം പുലർത്തുകയും ചെയ്യുന്ന കഥാപാത്രമാണിയാൾ. സ്ത്രീകളിലും ഭക്ഷണത്തിലുമുള്ള നമ്പൂതിരിയുടെ കമ്പത്തെ പെരുപ്പിച്ചുകാണിക്കുന്നതിലൂടെയാണ് അദ്ദേഹത്തെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നത്. നമ്പൂതിരിയുടെ പ്രവൃത്തിയും വിഡ്ഢിത്തവും മറ്റുകഥാപാത്രങ്ങൾക്കുകൂടി ഹാസ്യാത്മകസന്ദർഭങ്ങൾ സൃഷ്ടിക്കാനുള്ള അവസരമായും മാറുന്നു.

എരേച്ചൻവാര്യർ, കുട്ടിരാമൻ, കണ്ടർമേനോൻ എന്നിവരാണ് പാണ്ഡിത്യക്കുറവിനാലും പ്രായോഗികബുദ്ധിക്കുറവിനാലുമുള്ള വിഡ്ഢിത്തത്താൽ ഹാസ്യാത്മകമാവുന്ന കഥാപാത്രങ്ങൾ. ഉണ്ണുനീലിയുടെ ആദ്യസംബന്ധമാണ് സമ്പന്നനായ വാര്യർ. ഇദ്ദേഹത്തിന്റെ ബുദ്ധിയില്ലായ്മയാണ് ഉണ്ണുനീലിയെ കോമൻനായരുമായുള്ള രണ്ടാം വിവാഹത്തിലേക്ക് നയിക്കുന്നത്. വാര്യർക്ക് ഉണ്ണുനീലിയിലുള്ള ഭ്രമവും അവളിലെ പാണ്ഡിത്യത്തിനുമുമ്പിലുള്ള അടിപതറലും ആ കഥാപാത്രത്തിലൂടെയുള്ള ഹാസ്യത്തിന്റെ സാധ്യത ഒരുക്കുന്നു. കുഞ്ഞിമാളുവിന്റെ കാമുകനാണ് കുട്ടിരാമൻ എന്ന രാമപ്പണിക്കർ. ഇയാളുടെ തന്റേടമില്ലായ്മ, ഭയം, കുഞ്ഞിമാളു ഉഗ്രനോടൊപ്പം പോവുകയാണെന്നറിഞ്ഞപ്പോഴുള്ള രാമപ്പണിക്കരുടെ പരിസരം മറന്നുള്ള പെരുമാറ്റം എന്നിവയിലൂടെയാണ് ഈ കഥാപാത്രത്തിന്റെ ഹാസ്യാവതരണപശ്ചാത്തലം സൃഷ്ടിക്കുന്നത്. കുഞ്ഞിമാളുവിന്റെ സഹോദരനാണ് കണ്ടർമേനോൻ എന്ന ദേശാധികാരി. ഇദ്ദേഹത്തിന്റെ ആവശ്യത്തിൽ കവിഞ്ഞ ഗുരുഭക്തിയും ഭയവുമാണ് കുഞ്ഞിമാളു-നമ്പൂതിരി സംബന്ധത്തിന് കാരണമായത്. ഇദ്ദേഹത്തിന്റെ ഗുരുഭക്തിയും ഭയവും നോവലിലുടനീളം ഹാസ്യാത്മകമായി അവതരിപ്പിക്കുന്നുണ്ട്.

പിതാമഹൻ, ആരോഹണം, അധികാരം, സിൻഡിക്കേറ്റ് തുടങ്ങിനോവലുകൾക്കെല്ലാം ഒരപവാദമെന്നോണം മഞ്ചൽ എന്ന നോവലിൽ പ്രധാനകഥാപാത്രസ്ഥാനം അലങ്കരിക്കുന്നത് ഉണ്ണുനീലി, കുഞ്ഞിമാളു എന്നീ സ്ത്രീകഥാപാത്രങ്ങളാണ്. ഇവരുടെ ഇച്ഛയ്ക്കും തീരുമാനത്തിനും അനുസരിച്ചാണ് കഥാഗതി പുരോഗമിക്കുന്നത്. ഈ കഥാപാത്രങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടെയും വാദിയും പ്രതിയും വക്കീലുമെല്ലാം അവർ തന്നെയാണ്. കാരണവർ അവരുടെ വഴിക്ക്

കാര്യങ്ങൾ നീക്കുമ്പോൾ അതിലെ അസംബന്ധങ്ങൾ തിരിച്ചറിഞ്ഞ് രക്ഷപ്പെടുന്നവരാണിവർ. കുഞ്ഞിമാളുവിനെ ആരു വിവാഹം ചെയ്യണമെന്നും ആരുടെകൂടെ ജീവിക്കണമെന്നും തീരുമാനിക്കുന്നത് അവൾ തന്നെയാണ്. ഇതിനെല്ലാം ചുക്കാൻപിടിക്കുന്നത് ഉണ്ണൂനീലിയും. ഉണ്ണൂനീലിയുടെ ജീവിതവും തഥൈവ. ഉണ്ണൂനീലി എന്ന പേരിന്റെ തെരഞ്ഞെടുപ്പും ഇവിടെ ശ്രദ്ധേയമാണ്. (മണിപ്രവാളസാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങളെ ഓർമ്മപ്പെടുത്തുന്നവയായി ഇതുമാറുന്നു). ഈ രണ്ടു കഥാപാത്രങ്ങളുടെയും സംബന്ധവും, പിന്നീട് സ്വന്തം ഇഷ്ടപ്രകാരമുള്ള ജീവിതപങ്കാളികളുടെ തെരഞ്ഞെടുപ്പും പത്തൊമ്പതാം നൂറ്റാണ്ടിൽ കുടുംബഘടനയ്ക്കകത്തു നടന്ന അധികാരപരിണാമത്തെ സൂചിപ്പിക്കുന്നുണ്ട്. ജാതിയിൽനിന്നും സമ്പത്തിൽനിന്നും പാണ്ഡിത്യത്തിലേയ്ക്ക്, തുടർന്ന് പാണ്ഡിത്യത്തിൽനിന്നും ഉദ്യോഗത്തിലേക്ക് എന്നൊരു അധികാരശ്രേണിതന്നെ മാറിപ്രവർത്തിക്കുന്നു.

ജീവിതാനുഭവംകൊണ്ട് വളർച്ചപ്രാപിച്ച കഥാപാത്രമാണ് കുഞ്ഞിമാളുവിന്റെ വലിയമ്മ ഉണ്ണൂനീലി. വലിയമ്മയുടെ തണലിൽ അവരുടെ ജീവിതം മാതൃകയാക്കി ജീവിക്കുന്ന കഥാപാത്രമാണ് കുഞ്ഞിമാളു. പാണ്ഡിത്യം, പ്രായോഗികബുദ്ധി എന്നിവയിൽ മികച്ചുനില്ക്കുന്ന വ്യക്തികളാണിവർ. ഇവർക്കു സമമായ പാണ്ഡിത്യമുള്ള കഥാപാത്രങ്ങളോടുള്ള ചതുരസംഭാഷണത്തിലൂടെയും പാണ്ഡിത്യവും യുക്തിയും കുറഞ്ഞകഥാപാത്രങ്ങളെ കുരങ്ങുകളിപ്പിക്കുകയും ഹാസ്യസംഭാഷണത്താൽ അപഹാസ്യരാക്കുകയും ചെയ്യുന്നതിലൂടെയുമാണ് ഹാസ്യം സൃഷ്ടിക്കുന്നത്.

സ്ത്രീകഥാപാത്രങ്ങളുടെ അതേ അച്ചിൽവാർത്ത പുരുഷകഥാപാത്രങ്ങളാണ് ഉണ്ണൂനീലിയുടെ രണ്ടാം ഭർത്താവ് കോമൻനായരും കുഞ്ഞിമാളു കണ്ടെത്തിയ ഉഗ്രൻനമ്പ്യാരും. പാണ്ഡിത്യംകൊണ്ടും ശരീരബലംകൊണ്ടും മുമ്പരാണിരുവരും. വ്യക്തികളുടെ വിലക്ഷണതയാലും അപഹാസ്യതയാലും ചിരിയുണ്ടാക്കുക എന്നതിലുപരിയായി കഥാപാത്രങ്ങളുടെ വാക്സാമർത്ഥ്യംകൊണ്ടും ബുദ്ധിവൈഭവംകൊണ്ടും ചിരിയുണ്ടാക്കാം എന്നതിനുകൂടിയുള്ള ഉദാഹരണങ്ങളായും ഈ കഥാപാത്രങ്ങൾ മാറുന്നു.

### കഥാപാത്രചിത്രീകരണം

കഥാപാത്രങ്ങളുടെ സംഭാഷണം, ആത്മഗതം, വർണ്ണന, ഓർമ്മ (ഫ്ലാഷ് ബാക്ക്), പ്രവൃത്തി എന്നിവയിലൂടെ കഥാഖ്യാനം നിർവഹിക്കുക എന്നത് നോവലുകളുടെ പതിവുരീതിയാണ്. എന്നാൽ, ഹാസ്യാവിഷ്കരണത്തിന് ഇവയെ വി.കെ.എൻ. എങ്ങനെ പ്രയോജനപ്പെടുത്തി എന്നു പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1. സംഭാഷണം

നോവലിൽ വിവിധ സ്വഭാവമുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ച് സന്ദർഭാനുസരണം അവരുടെ സംഭാഷണങ്ങളിലൂടെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക എന്നത് വി.കെ.എൻ. കൃതികളുടെ പൊതുസ്വഭാവമാണ്. കഥാപാത്രങ്ങളുടെ സ്വഭാവവും വാക്ചാതുരിയും വ്യക്തമാക്കുവാൻ ഇത്തരം ആഖ്യാനങ്ങൾ സഹായിക്കുന്നു. സംഭാഷണത്തിലൂടെ ഹാസ്യം സൃഷ്ടിക്കുന്നതിന് പല ടെക്നിക്കുകളും വി.കെ.എൻ. ഉപയോഗിക്കുന്നതായി കാണാം.

ഉദാഹരണം: കുഞ്ഞിമാളുവിനെ സംബന്ധം ചെയ്യാനെത്തുന്ന നമ്പൂതിരി ആദ്യം അന്വേഷിക്കുന്നത് ഭക്ഷണത്തെക്കുറിച്ചാണ്. സംബന്ധം പോലെത്തന്നെ പ്രധാനമാണയാൾക്ക് ഭക്ഷണവും:

"എന്തൊക്കെയാണ് സദ്യവട്ടം?" .... നമ്പൂരിചോദിച്ചു.
"ഓലൻ" പട്ടർ പറഞ്ഞു.
"ഒപ്പം കഷ്ണവും എഴുന്നള്ളിക്ക്വാ".
"പിഞ്ചു മത്തൻ".
"ഹാ ഹാ! പച്ചമുളക് നീളത്തിൽ കീറി ചേർത്തിട്ടില്ലേ? .....
പിന്നെ?"
"അവിയൽ. കഷണങ്ങൾ അവരക്ക, പടറ്റുകായ, ഇടിഞ്ചക്ക, പടവലങ്ങ"
"ഹോ ഹോ!"
"വരിക്കച്ചക്കകൊണ്ട് എരിശ്ശേരി"
"കടുക് വറുത്ത്, നാളീകേരമരച്ച്, അല്ലേ? ....."
"ശേഷം വെണ്ടക്കായ് കൊണ്ട് പച്ചടി"
"ഹൈ ഹൈ!"
"അമ്പഴങ്ങകൊണ്ട് കിച്ചടി"
"ഏ്ള ഏ്ള!"
"ചെന്നിനായം കൊണ്ട് ചട്ണി".
"സഹിച്ചൂടാ.."
"കയ്പ്പക്കകൊണ്ട് പായസം"
"രസികാ, രസികാ".

ഇങ്ങനെ പോകുന്നു ആ അന്വേഷണവും പ്രതികരണവും.

ഏറ്റവും ഒടുവിൽ നമ്പൂതിരി: "രാമപ്പട്ടരേ, നിറുത്ത്വാ നിറുത്ത്വാ".

നമ്പൂരി തലയിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: "നമുക്കു സഹിക്കുന്നില്ല, തീരെ സഹിക്കുന്നില്ല. ഒരു നേരമ്പോക്ക് സംഭവിക്കുന്നമാതിരിയാണ് അനുഭവം."

വി.കെ.എൻ.കൃതികളിൽ ധാരാളമായി കാണുന്ന ഒന്നാണ് ഭക്ഷണവുമായി ബന്ധപ്പെട്ട രംഗങ്ങൾ. പാചകവിധം, പാചകത്തിന്റെ ശബ്ദം, ഗന്ധം, ഭക്ഷണങ്ങളുടെ കെട്ടുംമട്ടും, വിളമ്പലിന്റെ രീതി, വിശപ്പിന്റെയും കൊതിയുടെയും അവസ്ഥ, കഴിക്കുന്നതിനുള്ള തയ്യാറെടുപ്പ്, ഭക്ഷണത്തിന്റെ സ്പർശസുഖം, രുചിഭേദം, രീതികളും അളവുകളും, കഴിച്ചതിനുശേഷമുള്ള മാറ്റം എന്നിവയെല്ലാം വളരെ വിശദമായിത്തന്നെ വർണ്ണിക്കുന്നത് അദ്ദേഹത്തിന്റെ ഒട്ടുമിക്ക കൃതികളുടെയും സവിശേഷതയാണ്. ഊണു കാണുമ്പോൾ പരിസരം മറന്ന് കഴിയുന്നത്ര കഴിക്കാൻ ശ്രമിക്കുന്നവരാണ് അദ്ദേഹത്തിന്റെ പല കഥാപാത്രങ്ങളും. 'മുക്തകണ്ഠം ശാപ്പാട്' എന്നൊരു പ്രയോഗംതന്നെ അദ്ദേഹത്തിന്റേതായുണ്ട്. വി.കെ. എന്നിന്റെ ഭൂരിഭാഗം കഥാപാത്രങ്ങളും ഭക്ഷണപ്രിയരാണ്. ഭക്ഷണത്തിന്റെയും ഭോഗത്തിന്റെയും മേളനം വി.കെ.എന്നിന്റെ കൃതികളിലുടനീളം കാണാം. 'ഭുജ്' എന്ന ധാതുവിൽനിന്നാണല്ലോ ഭോജനത്തിന്റെയും ഭോഗത്തിന്റെയും നിഷ്പത്തി. വി.കെ.എന്നിന്റെ മറ്റുപല കൃതികളിലെയും പോലെ മഞ്ചലിലും ഭോഗവുമായി ബന്ധപ്പെട്ടാണ് പലപ്പോഴും ഭോജനം കടന്നുവരുന്നത്. ഇത് കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയും പ്രവൃത്തികളിലൂടെയുമാണ് വി.കെ.എൻ. പ്രധാനമായും അവതരിപ്പിക്കുന്നത്.

ഇവിടെ ഈ ഉദാഹരണത്തിൽ പട്ടരുടെ സൂക്ഷ്മമായ വിശദീകരണവും അതിനുള്ള നമ്പൂതിരിയുടെ പ്രതികരണവും അതിനിടയിൽത്തന്നെ കടന്നുവരുന്ന 'നേരമ്പോക്കുകളു'മാണ് ചിരിക്കു കാരണമാകുന്നത്. നമ്പൂതിരിയുടെ ഭക്ഷണപ്രിയം അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നു വ്യക്തം. ഭക്ഷണത്തിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നതോടൊപ്പം ഒരു പൊരുത്തവുമില്ലാത്ത വിഭവങ്ങളുടെ പേരുകൊണ്ടുമാത്രമാണ് നമ്പൂതിരി കോരിത്തരിക്കുന്നതെന്നും വി.കെ.എൻ. കളിയാക്കുന്നുണ്ട്. 'ചെന്നിനായം കൊണ്ടുള്ള ചട്ണിയും, കയ്പക്കകൊണ്ടുള്ള പായസവും' മറ്റും എന്താണെന്നറിയില്ലെങ്കിലും എങ്ങനെയാണെന്നൂഹിക്കാനാവില്ലെങ്കിലും ചട്ണി, പായസം എന്നെല്ലാം സങ്കല്പിച്ചു വശാകുന്നതിലെ ഒരു വിഡ്ഢിത്തത്തെ വി.കെ.എൻ. എടുത്ത് പുറത്തിടുന്നു. നമ്പൂതിരിയുടെ പ്രതികരണത്തിലോരോന്നിലും ഭക്ഷണത്തോടുള്ള ആർത്തിയും ഭക്ഷണം ആസ്വദിച്ച് കഴിക്കുന്നതിലെ ആനന്ദവുമാണുള്ളത്. ഗംഭീരമായി ആസ്വദിച്ച ആ സങ്കല്പസദ്യയെ ഒരു ഭോഗാനുഭവത്തോടാണ് നമ്പൂതിരി തുലനപ്പെടുത്തുന്നത്.

സംബന്ധവ്യവസ്ഥിതിയുടെ ഗൗരവമില്ലായ്മയിലേക്കുകൂടിയാണ് നോവലിസ്റ്റ് ഇവിടെ വിരൽ ചൂണ്ടുന്നത്. ഭക്ഷണത്തിലും കാമത്തിലും

ഒരുപോലെ പ്രിയനാണ് നമ്പൂതിരിയെന്ന് ഈ സംഭാഷണത്തിൽനിന്നും മനസ്സിലാക്കാം. അങ്ങനെയുള്ള നമ്പൂതിരിയുടെ വാക്കുകളിലൂടെതന്നെ ഇവയുടെ മേളനവും അവതരിപ്പിക്കുകയാണ് വി.കെ.എൻ. ഇതിനുപുറമെ "ഹൈ ഹൈ", "രസികാ രസികാ", "നിറുത്ത്വാ നിറുത്ത്വാ" തുടങ്ങി നമ്പൂതിരി ഭാഷാഭേദങ്ങൾ ഈ അനുഭവൈക്യത്തിന് കൂടുതൽ സ്വാഭാവികത വരുത്തിയിരിക്കുന്നു. ഒരു നേരമ്പോക്കിന്റെ ശബ്ദപഥത്തോട് ഈ പ്രതികരണങ്ങൾ ഇണങ്ങിനില്ക്കുന്നത് യാദൃച്ഛികമല്ല എന്നർഥം. ഫലത്തിൽ സങ്കല്പസദ്യപോലെത്തന്നെയാണ് കുഞ്ഞിമാളുവുമായി വിചാരിച്ച നേരമ്പോക്കും എന്നത് ഒടുവിൽ വെളിപ്പെടാനിരിക്കുന്ന വലിയ തമാശയാണെന്നത് മറ്റൊരു തമാശ.

സംഭാഷണത്തിനിടയിൽ അലങ്കാരം, ചൊല്ലുകൾ, ശ്ലോകങ്ങൾ എന്നിവ ചേർക്കുന്നതിലൂടെ കൂടുതൽ ഹാസ്യാത്മകമായി കഥാഖ്യാനം നടത്തുന്ന രീതി മഞ്ചലിൽ കാണാം. തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ വള്ളുവക്കോനാതിരിയുടെ വക രേവതി ഊട്ടിന് നമ്പൂതിരിമാർ പങ്കെടുക്കുന്നതാണ് സന്ദർഭം. അതിൽ നമ്മുടെ കഥാനായകരിൽ ഒരാളായ നാണുനമ്പൂതിരിയുമുണ്ടായിരുന്നു. പതിനഞ്ചിൽകുറവ് കയിൽ (തവി) പായസം ആരും കഴിക്കരുതെന്നാണ് പ്രമാണമെന്ന് നാണുജി (കുഞ്ഞിമാളുവിന്റെ ഭാഷയിൽ) വിധിച്ചു. അതെന്തുകൊണ്ടെന്ന മറ്റു നമ്പൂതിരിമാരുടെ ചോദ്യത്തിന്, ആറു കയിൽ കഴിഞ്ഞാൽ തുടങ്ങുന്ന ആ പ്രമാണം നമ്പൂതിരി ചൊല്ലുന്നു.

'ഹേ ഹേ ശബ്ദേ പ്രദാതവ്യം
ദാതവ്യം ഹസ്തവാരണേ
പത്രപ്രാവരണേ ദേയം
ന ദേയം സിംഹഗർജ്ജനേ'(18)

വിദൂഷകപുരുഷാർത്ഥകൂത്തിൽ നമ്പൂതിരിമാരുടെ ഭക്ഷണപ്രിയത്തെ വിശദീകരിക്കുന്ന അശനത്തിൽ പാൽപ്പായസം വിളമ്പേണ്ടരീതിയെ വിശദീകരിക്കുന്ന ശ്ലോകത്തെ സന്ദർഭാനുസരണം എടുത്തുപയോഗിക്കുന്നതിലൂടെയാണിവിടെ ചിരി ഉണ്ടാക്കുന്നത്. പുരുഷാർത്ഥക്കൂത്തിലെ ഇതിന്റെ അർത്ഥത്തെ ഇങ്ങനെ ചുരുക്കാം: 'പായസം കുടിക്കുന്നതിനിടയിൽ കുറച്ചുനേരം കഴിയുമ്പോൾ ചില ശബ്ദങ്ങൾ കേട്ടെന്നും കൈകൊണ്ട് ചിലതൊക്കെ കാട്ടീന്നും വരും. മതി മതീന്ന് കാണ്ക്യാന്നുതോന്നും. പക്ഷെ അതിന്റെ അർഥം അതല്ല. കുറച്ചുകൂടി ശക്തിയിൽ വിളമ്പാൻ പറയാണ്. അങ്ങനെ കുറച്ചു നേരം കഴിഞ്ഞാൽ ഇടയ്ക്ക് കുറേശ്ശെ തല ഉയർത്തി മുഖംകൊണ്ട് ചില ഗോഷ്ഠികൾകാണിക്കുകയും

ഇലമടക്കുകയും ചെയ്യും അതുകണ്ട് പരിഭ്രമിച്ച് വിളമ്പണത് നിർത്തരുത്. പായസം വിളമ്പുന്നതിന്റെ ശക്തിയൊന്നുകുറയ്ക്കാം. ആ നിലയിൽ കുറച്ചുനേരത്തെ പ്രയോഗം കഴിഞ്ഞാൽ സിംഹഗർജ്ജനം പോലെ വല്ലാത്തൊരു പന്ത്യല്ലാത്ത ശബ്ദം കേൾക്കാം. അപ്പോൾ വിളമ്പല് നിർത്താം. പിന്നെ ഒരുതുള്ളി പായസവും ഇലയിൽ വീഴരുത്. പിന്നേം വിളമ്പിയാൽ വൈഷമ്യാ. അഥവാ വീണാൽ എന്റെ കൈ നിന്റെ ചെകിട്ടത്തായിരിക്കും.' എന്നാൽ ഇതിന് വി.കെ.എൻ. നൽകുന്ന വിശദീകരണം: ആറുകയിൽ കഴിച്ചതിനുശേഷമാണിവിടെ പ്രമാണം തുടങ്ങുന്നതുതന്നെ. 'പിന്നെ പായസം വരുമ്പോൾ ഹേ ഹേ എന്നു പറയണം. അപ്പോൾ പ്ര-ദാ-ത-വ്യം നാലു കയിൽ വിളമ്പണം. പിന്നെ കൈകൊണ്ട് തടുക്കുമ്പോൾ ദാ-ത-വ്യം- മൂന്നു കയിൽ വിളമ്പണം. പിന്നെ വരുമ്പോൾ ഇലമടക്കണം. പിന്നെ ദേ-യം, രണ്ടു കയിൽ. പിന്നത്തെ വരവിൽ സിംഹം മാതിരി ഗർജിക്കണം. അപ്പോൾ വിളമ്പൽ നിർത്താം. ച്ചാൽ പിന്നെ വേണമെങ്കിൽ പിന്നെയും കഴിക്കാം എന്നർഥം.'

കൊടുക്കുക എന്നർഥമുള്ള പ്രദാതവ്യം, ദാതവ്യം, ദേയം എന്നീ പദങ്ങളെയാണ് വി.കെ.എൻ. അക്ഷരങ്ങളുടെ എണ്ണത്തിനനുസരിച്ച് യഥാക്രമം പ്ര-ദാ-ത-വ്യം നാലു കയിൽ, ദാ-ത-വ്യം മൂന്നു കയിൽ, ദേ-യം രണ്ടു കയിൽ വിളമ്പണം എന്ന് അർഥമാറ്റം വരുത്തി അവതരിപ്പിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. സിംഹത്തെമാതിരി ഗർജ്ജിക്കുന്നതിലൂടെ വിളമ്പൽ നിർത്തണം എന്ന പുരുഷാർത്ഥക്കൂത്തിലെ വിശദീകരണത്തിനുപുറമെ, വേണമെങ്കിൽ പിന്നെയും കഴിക്കാം എന്നുപറയുന്നതിലൂടെയും ശേഷം നമ്പൂതിരിമാർ സ്ഥലകാലങ്ങൾ മറന്ന് പ്രമാണത്തിനനുസരിച്ചും അതിനുപുറത്തും പായസം കഴിച്ച് ബോധംകെട്ടു എന്ന് നമ്പൂതിരിമാരുടെ അവസ്ഥ വ്യക്തമാക്കുന്നതിലൂടെയും ഈ പ്രമാണത്തെത്തന്നെ അപ്രസക്തമാക്കുകയാണ് വി.കെ.എൻ. ആറു തവി കഴിഞ്ഞാണ് നാണുനമ്പൂതിരിയുടെ പ്രമാണം ആരംഭിക്കുന്നത് എന്നതും ഇവയോട് ചേർത്തുവായിക്കേണ്ടതാണ്. ഇങ്ങനെ പായസത്തെപ്പറ്റിയുള്ള കൂലങ്കഷമായ ആലോചനയും, പായസപ്രിയരായ നമ്പൂതിരിമാർക്ക് പായസം കഴിക്കാനായി ഒരു ന്യായമെന്ന നിലയിൽ പ്രമാണത്തെ പുനഃനിർമ്മിക്കുന്നതിലൂടെയും നമ്പൂതിരിമാരുടെ ഭക്ഷണസദസ്സ് ഹാസ്യാത്മകമാക്കിയിരിക്കുന്നു വി.കെ.എൻ.

'കോഡി'ലൂടെ സംഭാഷണം നിർവഹിക്കുന്നതുവഴി ഹാസ്യാഖ്യാനം നടത്തുന്നരീതിയാണ് മറ്റൊന്ന്. കയ്യിൽ മധ്യപത്മത്തിന്റെ കലയുള്ള നായികയായ കുഞ്ഞിമാളു, കലക്ടറോളം അധികാരവുമായി തന്റെ

തറവാട്ടിലെത്തിയ ഉഗ്രനെ കാണാൻ വരും എന്ന് ഉഗ്രന് ഉണ്ണനീലി മുന്നറിയിപ്പുനല്കി. പക്ഷേ, രാത്രിയായപ്പോൾ അവൾ വരുമോ എന്നു സംശയിച്ച ഉഗ്രൻ ഉണ്ണനീലിയോടു സംസാരിക്കുന്നത് ഇത്തരം കോഡുപയോഗിക്കുന്നതിനുള്ള ഉത്തമദൃഷ്ടാന്തമാണ്:

"ഏതായാലും പാണ്ഡിത്യത്തിന്റെ അന്വേഷണവും സ്ഥിരീകരണവും നടത്തിക്കളയാമെന്നുവെച്ച്". ഉണ്ണനീലിയുടെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി കുറഞ്ഞമട്ടിൽ ചിരിച്ചു.

ഉണ്ണനീലി ചോദിച്ചു: "എന്തേ ചിരിച്ചത്?"

ഉഗ്രൻ പറഞ്ഞു: "വലിയമ്മയ്ക്കോർമ്മയുണ്ടോ കോമൻനായരുടെ ഒരു പ്രശസ്തപ്രശ്നം?"

"ഏതു പ്രശ്നം?"

"താമര വരുമോ എന്ന പ്രശ്നം?"

ഉണ്ണനീലിയുടെ മുഖത്ത് നിലാവുപരന്നു അവർ പറഞ്ഞു: "പ്രശസ്തമായ പ്രശ്നമല്ലേ അത്? എങ്ങനെ മറക്കാനാണ്?"

"ശരിയാണ്."

"അവിടുന്ന് പ്രശ്നത്തിനു പറഞ്ഞ മറുപടി കേട്ടിട്ടുണ്ടോ?"

"ഇല്ല".

"കേൾക്കേണ്ടതാണ്."

"കേൾക്കട്ടെ."

"താമര വരുമേ എന്നാണ് മറുപടി."

ഉഗ്രൻ ഉടനെ ഒരിലചോറുകൂടി ഉണ്ടു.

അധികാരി താഴ്മയായി ചോദിച്ചു: "പ്രശ്നത്തിനും മറുപടിക്കും എന്താണാവോ അർത്ഥം?"

ഉഗ്രൻ മൂലയിലേക്ക് നോക്കി കർശനമായി പറഞ്ഞു: "തനിക്കറിയില്ല!" (105).

ഇവിടെ 'താമര' എന്ന കോഡിനു പുറമെ 'കോമൻനായരുടെ പ്രശ്നം' എന്നതും ഉണ്ണനീലിക്ക് പെട്ടന്ന് കാര്യം മനസ്സിലാക്കാനുള്ള കോഡായി മാറുന്നു. 'വേദാന്തം പകർന്നുനല്കുക' എന്ന കോഡിലൂടെ, വാര്യരുടെയും കാരണവരുടെയും കണ്ണുവെട്ടിച്ച് താനെങ്ങനെ രാത്രി തന്റെ അടുത്തു വരും എന്ന പ്രശ്നമാണ് കോമൻനായർ ഉണ്ണനീലിയുമായി പങ്കിട്ടതെങ്കിൽ, തന്റെ കിടപ്പറപങ്കിടാൻ കുഞ്ഞിമാളു വരുമോ എന്ന പ്രശ്നമാണ്

'താമര വരുമോ' എന്ന കോഡിലൂടെ ഉഗ്രൻ ഉണ്ണുനീലിയുമായി പങ്കിടുന്നത്. ചുരുക്കത്തിൽ പ്രശ്നങ്ങൾ രണ്ടും ഒന്നുതന്നെ. 'വേദാന്തം പകർന്നുതരിക, താമര' എന്നീ ബുദ്ധിപരമായ കോഡിലൂടെയുള്ള സംസാരം പ്രശ്നങ്ങൾ തമ്മിലുള്ള സാമ്യം എന്നിവ രണ്ടുസന്ദർഭങ്ങളെ യോജിപ്പിക്കുന്നതോടൊപ്പം കോമൻനായർ, ഉഗ്രൻ എന്നീ രണ്ടുകഥാപാത്രങ്ങൾ താദാത്മ്യം പ്രാപിക്കുകയുംചെയ്യുന്നു. ഉണ്ണുനീലിയുടെയും കോമൻനായരുടെയും സംസാരത്തിന്റെ പൊരുളറിയാതെ മിഴിച്ചുനില്ക്കുന്ന കഥാപാത്രമാണ് വാര്യർ. ഇവിടെ വാര്യരുടെ സ്ഥാനം അധികാരിയ്ക്കായി മാറുന്നു. ഇങ്ങനെ രണ്ടു സന്ദർഭങ്ങളെ സാമ്യപ്പെടുത്തി അവതരിപ്പിക്കുന്നതിലൂടെ ഭൂതവർത്തമാനകാലങ്ങളെ പരസ്പരം ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ വി.കെ.എന്നിന് കഴിഞ്ഞിരിക്കുന്നു. ഉഗ്രനിൽനിന്നും ഉണ്ണുനീലിയിൽനിന്നും മാറിയുള്ള അധികാരിയുടെ മൂലയിലുള്ള നില്പിലൂടെ ഇവരുടെ പാണ്ഡിത്യത്തിനുമുമ്പിൽ അധികാരി പാർശ്വവത്കരിക്കപ്പെട്ട കഥാപാത്രമാണെന്ന സൂചനയാണു നല്കുന്നത്. ദേശത്തെ ജനങ്ങൾ മുഴുവൻ ബഹുമാനിക്കുകയും ഭയക്കുകയും ചെയ്യുന്ന ഉഗ്രൻ അദ്ദേഹത്തിന്റെ ദൗർബല്യവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽപ്പെട്ടുലയുന്നതിലൂടെ അയാളിലെ ഉഗ്രത്വത്തെപൊട്ടിച്ചെറിഞ്ഞ് അതിനുനേരെ ചിരിക്കുകയാണ് വി.കെ.എൻ. മൂന്നാമതൊരു കഥാപാത്രത്തിന് മനസ്സിലാകാത്ത വിധത്തിൽ ഔദ്യോഗികമായി ആശയം കൈമാറുന്നതിലൂടെ ഈ സന്ദർഭത്തെ ഹാസ്യാത്മകമാക്കുക മാത്രമല്ല കഥാപാത്രങ്ങളുടെ പാണ്ഡിത്യം വ്യക്തമാക്കാൻകൂടി വി.കെ.എന്നിന് കഴിഞ്ഞിരിക്കുന്നു. ഉണ്ണുനീലിയുടെ 'താമര വരുമേ' എന്ന ഉത്തരം കഥയുടെ ഭാവിയിലേക്കുള്ള സൂചനയായും മാറുന്നു. നോവലിലെ ഏറ്റവും പാണ്ഡിത്യമുള്ള രണ്ട് കഥാപാത്രങ്ങളെയാണ് വി.കെ.എൻ. ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ധ്വന്യാത്മകമായ സംഭാഷണത്തിലൂടെ കഥാപാത്രങ്ങളുടെ മനസ്സ് പ്രതിഫലിപ്പിക്കാൻ ആഖ്യാതാവിന് കഴിഞ്ഞിരിക്കുന്നു.

ഈ ഉദാഹരണങ്ങൾക്കു പുറമെ ഉണ്ണുനീലിയുടെയും കോമപ്പന്റെയും സംസാരം (39-42) (കോഡിലൂടെയും ശ്ലോകത്തിലൂടെയുമുള്ള സംസാരം, രണ്ടുകഥാപാത്രങ്ങൾക്കും അന്യോന്യമുള്ള പ്രണയം, പാണ്ഡിത്യം എന്നിവ വ്യക്തമാക്കുന്നു), നമ്പൂതിരിയുമായി കുഞ്ഞിമാളുവിന്റെ സംബന്ധം ഉറപ്പിച്ചവിവരം അവളോട് ഉണ്ണുനീലി പറയുന്ന സന്ദർഭം (48-50) (അർത്ഥം വെച്ചുകൊണ്ടുള്ള സംസാരം, നമ്പൂതിരിസംബന്ധത്തോടുള്ള അമർഷം, നിസ്സഹായത എന്നിവ ഈ സംഭാഷണത്തിൽ പ്രകടമാണ്), നമ്പൂതിരിയുടെയും ഇല്ലത്തെകാര്യസ്ഥനായ എരേച്ചന്റെയും സംസാരം (76-81) (ഭാഷാഭേദങ്ങളാൽ സമ്പുഷ്ടമാണിത്, നമ്പൂതിരിയുടെ

തറവാടിന്റെ അവസ്ഥ, അയാൾക്ക് വേളിയോടും മക്കളോടുമുള്ള ഉത്തരവാദിത്വമില്ലായ്മ തുടങ്ങി നമ്പൂതിരിയുടെ സ്വഭാവത്തെ കാര്യസ്ഥന്റെ സംഭാഷണത്തിലൂടെ സാധിച്ചിരിക്കുന്നു). തുടങ്ങി ധാരാളം സംഭാഷണവേളകളിലൂടെ കഥയുടെ കാതലായ അംശങ്ങളെ ചുരുങ്ങിയ വാക്കുകളിലൂടെ അവതരിപ്പിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു.

2.മനോവ്യാപാരം

മനോവ്യാപാരങ്ങളിലൂടെ കഥാഖ്യാനം നടത്തുന്നരീതി വി.കെ. എന്നിൽ കാണാം. ആത്മഗതങ്ങളിലൂടെയും ഓർമ്മകളിലൂടെ (ഫ്ലാഷ് ബാക്കിലൂടെ)യുമാണിത് പ്രധാനമായും സാധ്യമാക്കിയിരിക്കുന്നത്.

2.1.ആത്മഗതം

ഓരോകഥാപാത്രത്തിന്റെയും മനസ്സിലെ രഹസ്യങ്ങൾ, ചിന്തകൾ, വികാരങ്ങൾ എന്നിവയാണ് ആത്മഗതമായി ആവിഷ്കരിക്കപ്പെടുക. ആത്മകഥാഖ്യാനത്തിലൂടെ മഞ്ചൽ എന്ന നോവലിലെ പ്രധാനകഥാപാത്രങ്ങളുടെയെല്ലാം മനസ്സിലൂടെ സഞ്ചരിക്കാൻ വി.കെ.എന്നിന് കഴിഞ്ഞിരിക്കുന്നു. ഇവയിൽ ഭൂരിഭാഗവും ഹാസ്യാത്മകവുമാണ്.

ഏതാനും ചില ഉദാഹരണങ്ങൾ:

1. കുഞ്ഞിമാളുവിനെ സംബന്ധം ചെയ്യാനെത്തിയ നമ്പൂതിരി ഭക്ഷണം കഴിഞ്ഞ് മുറുക്കിയിരിക്കുന്നതാണ് സന്ദർഭം: "മൂപ്പരുടെ മനസ്സ് ഒരു വാഗ്വാദം നടത്തുകയായിരുന്നു. ആരാണ് കേമൻ മുറുക്കു കണ്ടുപിടിച്ചവനോ നേരമ്പോക്കു കണ്ടുപിടിച്ചവനോ?... അവിടെയും മുറുക്ക്, ഇവിടെയും മുറുക്ക്, മുറുക്കിൽനിന്നും മുറുക്കുത്ഭവിക്കുന്നു. മുറുക്കിൽനിന്നും മുറുക്കു കഴിച്ചാൽ പിന്നെയും മുറുക്കവശേഷിക്കുന്നു. എന്തൊരു മുറുക്ക്! അതുതന്നെയാണ് നേരമ്പോക്കും." ഉച്ചത്തിൽ ചിരിക്കാതെ നിവൃത്തിയില്ലെന്നായി തിരുമനസ്സിലേക്ക്. തുപ്പിയശേഷം ചിരിക്കണോ ചിരിച്ചശേഷം തുപ്പണോ? രണ്ടാമത്തെ വിധമാണെങ്കിൽ ആദ്യത്തേതിന്റെ ആവശ്യം വരില്ല. തർക്കശാസ്ത്രപ്രവീണനായ അവിടുന്ന് ചിന്തിച്ചു. അവസാനമായി തുപ്പിയശേഷം ചിരിക്കാനാണ് തീരുമാനമെടുത്തത്. (പുറം 75)

സമൂഹത്തിലെ ഏതെങ്കിലും ഒരവസ്ഥയെയോ രീതിയെയോ അതിന്റെ സ്വഭാവങ്ങളെയോ ഉൾക്കൊണ്ട് ഹാസ്യാത്മകമായി അനുകരിക്കുന്നതിനെയാണ് പാരഡി എന്നുപറയുന്നത്. അങ്ങനെ നോക്കുമ്പോൾ മുറുക്കിനേയും നേരമ്പോക്കിനേയുംകുറിച്ചുള്ള നമ്പൂതിരിയുടെ വാദം

പൂർണമദ പൂർണമിദം
പൂർണാദ് പൂർണമുദച്യതേ
പൂർണസ്യ പൂർണമാദായ
പൂർണമേവാവശിഷ്യതേ

എന്ന ഈശോപനിഷത്തിലെ ശ്ലോകത്തിന്റെ പാരഡിയാകുന്നുണ്ട്. മുറുക്കിനോടും നേരമ്പോക്കിനോടുമുള്ള നാണുനമ്പൂതിരിയുടെ ആസക്തിയെയാണ് ഈ ആത്മഗതത്തിലൂടെ വ്യക്തമാക്കുന്നത്. മുറുക്കിത്തുപ്പിയാൽ തുപ്പലിനോടും ചണ്ടിയോടും ഒരുത്തരവാദിത്വവുമില്ലാത്തതുപോലെ തന്നെയായിരുന്നു നേരമ്പോക്കിലൂടെ നമ്പൂതിരിമാർക്കുണ്ടാവുന്ന കുഞ്ഞുങ്ങളുടെയും അവസ്ഥ (നേരംപോക്കിനായി ചെയ്യുന്ന ഒരു പ്രവൃത്തിമാത്രമാണിത് അതിൽ മറ്റുഘടകങ്ങൾക്കെന്തുപ്രാധാന്യം?). രണ്ട് പ്രവൃത്തിയുടെയും ഫലാവസ്ഥകൾതമ്മിലുള്ള താരതമ്യം കൂടിയാണ് ഇവിടെ ചിരിയുടെ നിദാനം. നേരമ്പോക്ക് എന്നപദം തന്നെ പ്രചാരത്തിൽ വരുന്നത് സംബന്ധവ്യവസ്ഥയിൽ നിന്നാണെന്നത് ശ്രദ്ധേയം. ഇങ്ങനെ നേരമ്പോക്കിനെയും മുറുക്കിനെയും സാമ്യപ്പെടുത്തിക്കൊണ്ട് നേരമ്പോക്കാവുന്ന വൈവാഹികബന്ധത്തിന്റെ അയഞ്ഞഘടനയും നിസ്സാരതയും നേരെ നാണുനമ്പൂതിരിയിലൂടെ ചിരിക്കുകയാണ് വി.കെ.എൻ.

ലഹരി പ്രദാനം ചെയ്യുന്ന കാമം, ഭക്ഷണം, മുറുക്ക് എന്നിവയുടെ സമുചിതമെന്ന മട്ടിലുള്ള താരതമ്യം വി.കെ.എൻ. കൃതികളുടെ സവിശേഷതയാണ്. നാട്ടുനീളെ സംബന്ധവുമായി നടക്കുകയും ഒരു സംബന്ധത്തിന്റെ തയ്യാറെടുപ്പിലുമായ നമ്പൂതിരിയുടെ ആത്മഗതത്തിലൂടെ തന്നെ ഇതവതരിപ്പിച്ചു എന്നത് ഔചിത്യപൂർണ്ണമാണ്. സംബന്ധത്തെയും മുറുക്കിനെയും കുറിച്ച് പറയാൻ നാണുനമ്പൂതിരിയോളം യോഗ്യതയുള്ള മറ്റൊരു കഥാപാത്രവും ഈ നോവലിലില്ല.

ആത്മഗതത്തിൽ സ്വയം ചിരിക്കുന്ന നമ്പൂതിരിയുടെ രണ്ടാമത്തെ ചിന്ത അതിനെക്കാൾ രസകരമാണ്. "ക്വ ക്വ എന്നോ ഗ്വ ഗ്വ എന്നോ കുളക്കോഴിയുടെ കൂവൽ എന്നൊരുവാദം ഒരു വർഷത്തോളം നമ്പൂതിരിമാരുടെ ഇടയിൽ നിലനിന്നിരുന്നു. ഇതിനെ 'കുളക്കോഴിവാദം' എന്നറിയപ്പെട്ടു. ഗ്വ ഗ്വ യെന്നാണ് കുളക്കോഴിയുടെ കൂവൽ എന്നുകണ്ടെത്തി തർക്കത്തിനൊരന്ത്യമുണ്ടാക്കിയത് നാണുനമ്പൂതിരിയാണ്. അതോടെ വള്ളുവക്കോനാതിരി, നമ്പൂതിരിക്ക് 'പണ്ഡിതക്കോഴി' എന്ന ബഹുമതി കല്പിച്ച് പട്ടുംവളയും നൽകിയെന്നാണ് കഥ. അങ്ങനെയാണ് നാണുനമ്പൂതിരി പണ്ഡിതനായറിയപ്പെട്ടത്." ഇങ്ങനെ കിട്ടിയ

തർക്കശാസ്ത്രപദവിയിലൂടെ നമ്പൂതിരിയെ വിശേഷിപ്പിച്ചത് സന്ദർഭത്തെ കൂടുതൽ തമാശയാക്കുന്നു. ഗൗരവപ്പെട്ട ഒന്നിനെക്കുറിച്ചും ചിന്തിക്കാതെ ഭക്ഷണവും സംബന്ധവുമായി നടക്കുന്ന നമ്പൂതിരിമാരെയാണിവിടെ കളിയാക്കുന്നത്. 'കോഴി' എന്ന വിശേഷണത്തിന്റെ ദ്വയാർഥം പറയേണ്ടതില്ലല്ലോ. മുറുക്കിനെയും നേരമ്പോക്കിനേയും കുറിച്ചു ചിന്തിച്ച് അവസാനം ചിരിച്ചശേഷം തുപ്പണോ, തുപ്പിയശേഷം ചിരിക്കണോ എന്ന നമ്പൂതിരിയുടെ ഇപ്പോഴത്തെ ചിന്തയും അങ്ങനെത്തന്നെ. ഇങ്ങനെ അർത്ഥരഹിതമായ കാര്യങ്ങളാണ് നാണുനമ്പൂതിരിയുടെ പാണ്ഡിത്യത്തെ നിർണ്ണയിച്ചത് എന്നു പറയുന്നതിലൂടെ പത്തൊമ്പതാം നൂറ്റാണ്ടിലെ നമ്പൂതിരി പണ്ഡിതന്മാരെ മുഴുവൻ നാണുനമ്പൂതിരി മാതൃകയിലൂടെ കളിയാക്കുകയാണ് അഖ്യാതാവ്. ഈ ആഖ്യാനത്തിലൂടെ നമ്പൂതിരിയെപ്പോലെ എന്തോ പ്രധാനപ്പെട്ട ഒരാലോചന കഴിച്ച പ്രതീതി വായനക്കാരിലുണ്ടാക്കാനും എഴുത്തുകാരനു കഴിഞ്ഞിരിക്കുന്നു. 'ആയതിനാൽ നമുക്കിനി മത്തങ്ങയെക്കുറിച്ചു സംസാരിക്കാം' എന്ന കടമ്മനിട്ടയുടെ വരികളോട് ഈ സന്ദർഭത്തെ ചേർത്തുവായിക്കാവുന്നതാണ്.

2. ചേട്ടൻ എന്തുകൊണ്ട് തന്നെ രാമപ്പണിക്കർക്ക് സംബന്ധം ചെയ്തുകൊടുത്തില്ല എന്നതിന് കുഞ്ഞിമാളു ആത്മഗതത്തിലൂടെ കണ്ടെത്തുന്ന ഉത്തരം: "ഒരു പറ നെല്ലിന്റെ വ്യത്യാസമായിരിക്കണം, ഒരു പക്ഷേ, എല്ലാ വ്യത്യാസവും വരുത്തിയത്. ...എണ്ണായിരം പറ നെല്ലു പിരിയുന്നവർ ഭാഗ്യവാന്മാർ പ്രേമരാജ്യം അവർക്കുള്ളതാണ്(51). യേശുവിന്റെ ഉദ്ബോധനത്തിന്റെ പാരഡി തീർത്തുകൊണ്ടാണിവിടെ രചന നടക്കുന്നത്. മുപ്പതോ നാല്പതോ പറ നെല്ലിന്റെ വ്യത്യാസം പറയേണ്ടതിനു പകരം വെറും 'ഒരു പറ' എന്ന് ന്യൂനോക്തിയിൽ സ്പഷ്ടമാക്കിയിരിക്കുന്നതുവഴി കാര്യങ്ങൾ കൂടുതൽ ഹാസ്യാത്മകമാക്കാനും സാമ്പത്തിക കാര്യങ്ങളിലെ കണിശത വ്യക്തമാക്കാനും വി.കെ.എന്നിനു കഴിഞ്ഞു.

ഫ്യൂഡൽക്കാലഘട്ടത്തിൽ ജാതിയെപ്പോലെത്തന്നെ അധികാരത്തിന്റെ പ്രതിരൂപമായി വർത്തിച്ച മറ്റൊന്നാണ് സമ്പത്ത്. സമ്പത്തു കൈവശമുള്ളവർക്ക് സമൂഹത്തിലെ ഉന്നതസ്ഥാനത്തിനുപുറമെ അധികാരപ്രയോഗത്തിനുള്ള അവകാശം കൂടി കരഗതമാകുന്നതാണ് മാനവവംശത്തിന്റെ ചരിത്രം.

മഞ്ചൽ എന്ന നോവലിൽ പ്രധാനപ്രമേയമായി കടന്നുവരുന്ന സംബന്ധം എന്ന സമ്പ്രദായം ജാതീയമായ ഉച്ചനീചത്വം സൂക്ഷിക്കുമ്പോൾത്തന്നെ സമ്പത്തിനെ ചുറ്റിപ്പറ്റിയുള്ള അധികാരത്തെക്കൂടി ഉറപ്പിച്ചെടുക്കുന്നുണ്ട് എന്നുകാണാം. കുഞ്ഞിമാളുവിന്റെ ആത്മഗതത്തിലൂടെ വളരെ

ചുരുങ്ങിയ വാക്കുകളിൽ ഈ നോവലിലെ സാമ്പത്തികാധികാരം എന്ന വിഷയത്തെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. അതോടൊപ്പം കുഞ്ഞിമാളുവിനെ രാമപ്പണിക്കർക്ക് വിവാഹം ചെയ്തുകൊടുക്കാതെ വയസ്സൻനമ്പൂതിരിക്ക് വിവാഹം ചെയ്തുകൊടുക്കുന്നതിലെ അമർഷവും നിസ്സഹായാവസ്ഥയും മുകളിൽപ്പറഞ്ഞ വാക്കുകളിൽ പ്രകടമാണ്.

ആത്മഗതത്തിലൂടെ ഹാസ്യാത്മകമാംവിധം കഥാപാത്രവർണ്ണന നടത്തുന്ന രീതിയും വി.കെ.എന്നിൽ കാണാം. ഉണ്ണുനീലി, നാണുനമ്പൂതിരി എന്നിവരെയാണ് ഈ നോവലിൽ വിശദമായി രൂപവർണ്ണന നടത്തുന്നത്. ഉണ്ണുനീലിയെ ആഖ്യാതാവുതന്നെ അതിശയോക്തിപരമായി അവതരിപ്പിക്കുമ്പോൾ നമ്പൂതിരിയെ കുഞ്ഞിമാളുവിന്റെ ആത്മഗതത്തിലൂടെയാണ് അവതരിപ്പിക്കുന്നത്.

കഥാപാത്രവർണ്ണനയിൽ ഈ നോവലിൽ മുന്നിട്ടുനില്ക്കുന്നതാണ് നമ്പൂതിരിയുടെ രൂപാവതരണം. "ഔദ്യോഗികമായി നാല്പത്തഞ്ചുവയസ്സുള്ള കോമളൻ, കുഞ്ഞിമാളു ഓർത്തു. അറുപതുനില്ക്കട്ടെ, എഴുപതെന്നു പറഞ്ഞാൽപോലും എന്തെങ്കിലും അപാകതയോ ആർക്കെങ്കിലും അത്ഭുതമോ തോന്നുകയില്ല. വയറാണു പ്രധാനം. സൃഷ്ടി ആദ്യം അവിടെ നടന്നതിനാലായിരിക്കണം ആ പ്രദേശത്തിന് ഇത്രയും പ്രാധാന്യം. പണ്ഡിതനെ തവണകളായാണ് പടച്ചവൻ നിർമ്മിച്ചതെന്നുതോന്നി. ഒരവയവവും മറ്റൊന്നുമായി പോരുത്തമില്ല. പെൻസിൽമാതിരിയാണ് കൈകാലുകൾ. കൂർത്തമുഖം. പൂട്ടിയിട്ട കണ്ടംമാതിരിയുണ്ട്. അവിടവിടെ രോമത്തിന്റെ ഞാറുകൾ എഴുന്നു നിൽക്കുന്നു. തലങ്ങും വിലങ്ങും മുറുക്കാൻ കറയും. സർവ്വത്ര രോമശ്രീമാനും ജരാനരബാധിച്ച ദേഹവുമായതിനാൽ കരിയും ചാരവും കലർന്ന നിറമായിരുന്നു. വേണ്ടതിലധികം ഉയരവും. കാട്ടിൽനിന്നും വിദ്വാൻ എങ്ങനെ രക്ഷപ്പെട്ടുവെന്ന് കുഞ്ഞിമാളുവിന് അതിശയമായി".(67)

'ഒരുവെടിക്ക് രണ്ടുപക്ഷി' എന്നുപറയുന്നതുപോലെ കുഞ്ഞിമാളുവിന് നമ്പൂതിരിയോടുള്ള പുച്ഛം വെളിപ്പെടുത്തുക, നമ്പൂതിരിയുടെ രൂപവർണ്ണന നിർവഹിക്കുക എന്നീ രണ്ടു കർമ്മങ്ങളാണ് ഈ ആഖ്യാനത്തിലൂടെ നോവലിസ്റ്റ് ചെയ്തിരിക്കുന്നത്. ഔദ്യോഗികമായി എന്നു പറയുന്നതിലൂടെ വൃദ്ധനായ നമ്പൂതിരി പ്രായം കുറച്ചുപറഞ്ഞും യുവാക്കളെപ്പോലെ പെരുമാറിയും സംബന്ധം ചെയ്യുന്നതിലെ അപഹാസ്യതയെയാണ് കാണിക്കുന്നത്. നമ്പൂതിരിയുടെ വയറിനെ പ്രഥമമായി വർണ്ണിക്കുന്നതിലൂടെയും മുറുക്കാൻകറയെ പ്രത്യേകമായെടുത്തുപറഞ്ഞതിലൂടെയും അദ്ദേഹത്തിന്റെ ഭക്ഷണത്തിലും മുറുക്കിലുമുള്ള പ്രിയത്തെയും

അവൾക്കതിനോടുള്ള അവജ്ഞയെയുമാണ് വ്യക്തമാക്കുന്നത്. കൈകാലുകളുടെ വർണ്ണനകൂടി ആവുമ്പോഴേക്കും കാർട്ടൂൺ കഥാപാത്രത്തിന്റെ രൂപം നേടുന്ന നമ്പൂതിരി. എന്നാൽ മുഖം, ദേഹം എന്നിവയുടെ വർണ്ണനയോടൊപ്പം കുഞ്ഞിമാളുവിന്റെ 'കമന്റ്' കൂടിയാവുമ്പോൾ നമ്പൂതിരി, കാർട്ടൂൺ കഥാപാത്രത്തിൽനിന്നും വാനരന്റെ രൂപം കൈവരിക്കുന്നു. അതോടൊപ്പം തന്നെ കുഞ്ഞിമാളുവിന്റെ ആന്തരികസംഘർഷവും നിഷ്കളങ്കതയും ചലച്ചിത്രാഖ്യാനത്തിന് സമാനമായ ഈ വർണ്ണനയിൽ ലയിക്കുന്നു. അതിലൂടെ ഇവയെ കൂടുതൽ തമാശയാക്കാനും കഴിഞ്ഞിരിക്കുന്നു. മനസ്സിലുള്ള കാര്യങ്ങളെ മറകളേതുമില്ലാത്ത വെളിപ്പെടുത്തലുകളായി ആത്മഗതങ്ങൾ മാറുന്നു.

### 2.2. ഫ്ലാഷ്ബാക്ക്

കഥ നടന്നുകൊണ്ടിരിക്കുന്ന കാലത്തേയ്ക്ക് അതുമായി ബന്ധപ്പെട്ട ഭൂതകാലത്തെ സന്നിവേശിപ്പിക്കാൻ എഴുത്തുകാർ ഫ്ലാഷ്ബാക്ക് ഒരാഖ്യാനസമ്പ്രദായമായി സ്വീകരിക്കാറുണ്ട്. കഥാപാത്രങ്ങളുടെ ഭൂതകാലാഖ്യാനത്തിലൂടെ നോവലിനെ കൂടുതൽ കെട്ടുറപ്പുള്ളതും ഹാസ്യാത്മകവുമാക്കുക എന്നത് വി.കെ.എൻ. രചനയുടെ സവിശേഷതയാണ്. മഞ്ചലിൽ കുഞ്ഞിമാളുവിന്റെ പ്രണയാഖ്യാനം ചെയ്യുന്ന ഏഴ്, എട്ട് അധ്യായങ്ങൾ കുഞ്ഞിമാളുവിന്റെ ഓർമ്മയിലൂടെയാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ഞാൻ എന്ന ഉത്തമപുരുഷനിലാണ് സാധാരണയായി ഫ്ലാഷ്ബാക്കിലൂടെ കഥാഖ്യാനം നടത്തുക. എന്നാൽ മഞ്ചലിൽ കഥാപാത്രത്തിന്റെ ഓർമ്മയിലൂടെ ആഖ്യാതാവ് കഥപറയുന്നരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

കഥാപാത്രങ്ങളുടെ ഓർമ്മകളിലൂടെ കഥാഖ്യാനം നടത്തുന്നതിനിടയിലും പ്രത്യക്ഷവിവരണാത്മകരീതിയിലൂടെ കഥാപാത്രത്തിന്റെ രൂപവും ചേഷ്ടാവിശേഷങ്ങളും രേഖപ്പെടുത്തുക എന്നത് വി.കെ.എൻ. ശൈലിയാണ്. ഇതിലൂടെ സന്ദർഭത്തെ കൂടുതൽ ഹാസ്യാത്മകമാക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു. പിണക്കത്തിലായിരുന്ന രാമപ്പണിക്കർ ദിവസങ്ങൾക്കുശേഷം വീട്ടിലെത്തിയപ്പോഴുള്ള മാളുവിന്റെ പ്രതികരണത്തെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത് നോക്കുക: "മാരനെ കണ്ണാൽ കയറിട്ട് അടുക്കളയിലേയ്ക്ക് വലിച്ചിരുത്തി പൂമങ്ക ചോർ വിളമ്പി' (54). ഭക്ഷണം വേണ്ടെന്നുപറഞ്ഞിട്ടും പണിക്കരെ നിർബന്ധിച്ച് ഭക്ഷണം കഴിപ്പിക്കുന്ന രംഗം 'പശുവിനെ മൂക്കുകയറിട്ട് വലിച്ച് കാടിവെള്ളം കൊടുക്കുന്നതിനു' സമാനമായാണ് പറഞ്ഞിരിക്കുന്നത്.

പണിക്കരിലെ സാധുത്വവും പണിക്കരെ വരുതിയ്ക്ക നിർത്താൻ കഴിയുന്ന മാളുവിന്റെ ആജ്ഞാശക്തിയും താരതമ്യം ചെയ്യുമ്പോൾ ഈ പ്രയോഗം ഉചിതമാവുകയും ചെയ്യുന്നു. "ഞാൻ അടുക്കളയിലേയ്ക്ക് വിളിച്ചിരുത്തി ചോർ കൊടുത്തു" എന്നെല്ലാമേ കുഞ്ഞിമാളു സ്വയം ഈ സംഭവത്തെ വിശദീകരിയ്ക്കു. അതുകൊണ്ടുതന്നെയാവാം കുഞ്ഞിമാളു-രാമപ്പണിക്കർ പ്രണയത്തിലെ അധികാരത്തെയും സ്നേഹത്തെയും ഏറ്റവും സുന്ദരമായും ഹാസ്യാത്മകമായും ആവിഷ്കരിക്കേണ്ട ഈ സന്ദർഭത്തിൽ ആഖ്യാതാവുതന്നെ കടന്നുവന്നത്. അതോടൊപ്പം ലഘുവായി പറയേണ്ട കാര്യത്തെ അലങ്കാരത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നതിലൂടെ അമിതാലങ്കാരവർണ്ണനയെ കളിയാക്കുകകൂടിയാണിദ്ദേഹം.

കഥാപാത്രത്തിലൂടെ തന്നെ ഫ്ലാഷ്ബാക്ക് അവതരിപ്പിക്കുന്നതിലൂടെ തമാശയുണ്ടാക്കുന്നതിന് ഉദാഹരണം: "കുഞ്ഞിമാളുവിന്റെ അച്ഛൻ നമ്പൂതിരി, വാര്യത്തെ കുഞ്ഞിപ്പെണ്ണിനോട് സംസാരിക്കാൻ ഇടയായതിനെക്കുറിച്ച് കാര്യസ്ഥനോട് പറയുന്ന സന്ദർഭം: കിണറ്റിൻ കരയിലിരുന്നു പരിപ്പു കഴുകുന്ന കുഞ്ഞിപ്പെണ്ണിനോട് നമ്പൂതിരി:

"കൂപസ്ഥയാണ്, അല്ലേ?"

പെണ്ണ് പറഞ്ഞു: "അല്ല സൂപസ്ഥയാണ്."

നമ്പൂതിരി സ്വയം ഉടഞ്ഞ് പലഭാഗത്തേക്കും തെറിച്ചു വീണുകൊണ്ടു ചിരിച്ചു."(26)

ദ്വയാർത്ഥപ്രയോഗങ്ങളാൽ സമ്പന്നമാണ് വി.കെ.എൻ. കൃതികൾ. അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെല്ലാം ഇതിൽ മുമ്പരുമാണ്. അവരുടെ ഭാഷാപാണ്ഡിത്യവും ബുദ്ധിസാമർത്ഥ്യവും പലപ്പോഴും വ്യക്തമാക്കുന്നത് അവരുടെ ദ്വയാർത്ഥപ്രയോഗങ്ങളിലൂടെയാണ്. ഇവയിൽ ഭൂരിഭാഗവും അശ്ലീലച്ചുവയുള്ളവയുമായിരിക്കും. ഇവിടെ 'കൂപസ്ഥ' എന്നതിന് കിണറിനടുത്തിരിക്കുന്നവളെന്ന് വാച്യാർഥം ചീത്ത ഉപസ്ഥമുള്ളവളെന്ന് വ്യംഗാർഥം. 'സൂപസ്ഥ' എന്നതിന് പരിപ്പിനടുത്തിരിക്കുന്നവളെന്ന് വാച്യാർഥം, നല്ല ഉപസ്ഥമുള്ളവളെന്ന് വ്യംഗ്യാർഥം. ഈ കഥ പറഞ്ഞ ഉടനെ നമ്പൂരി 'സ്വയം ഉടഞ്ഞ് പല ഭാഗത്തേക്കും തെറിച്ച് വീണുകൊണ്ടു ചിരിച്ച്' എന്നത് ആഖ്യാതാവിന്റെ വാക്കുകളാണ്. നമ്പൂതിരിയുടെ ഓർമ്മയോടൊപ്പമുള്ള ആഖ്യാതാവിന്റെ കൂട്ടിച്ചേർക്കൽ ഹാസ്യത്തെ കൂടുതൽ പെരുപ്പിക്കുന്നു. സ്വയം തമാശപറയുകയും അവയെ അതേപോലെ ആസ്വദിക്കുകയും ചെയ്യുന്നവരാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെല്ലാം. യഥേഷ്ടം ലൈംഗികസ്വാതന്ത്ര്യം അനുഭവിക്കുന്നവരാണിതിലെ സ്ത്രീകഥാപാത്രങ്ങളെല്ലാം. നോവലിന്റെ ആദ്യഭാഗത്തുതന്നെ

നമ്പൂതിരിയുടെ ഓർമ്മയിലൂടെ ഇതിനൊരു 'എൻട്രി' യിടുകയായിരുന്നു എന്നുപറയാം.

കഥയുടെ വർത്തമാനകാലത്തെ, കഥയുടെ ഫ്ലാഷ്ബാക്കുമായി ബന്ധപ്പെടുത്തുന്ന ആഖ്യാനരീതി ഈ നോവലിൽ കാണാം. ഇന്നത്തെ ജില്ലാകലക്ടറുടെ അധികാരമുള്ള തുക്ടിയുടെ ഉപദേശിയായ ശിരസ്താദാരുടെ (ഉഗ്രൻ നമ്പ്യാർ) പാണ്ഡിത്യവും ഭക്ഷണം കഴിക്കുന്നരീതിയും കണ്ടപ്പോൾ ഉണ്ണൂനീലി തന്റെ ഭർത്താവായ കോമൻനായരെക്കുറിച്ചോർക്കുന്നത് ഇതിനു ദൃഷ്ടാന്തമാണ്. ഇങ്ങനെ ഫ്ലാഷ്ബാക്കിലൂടെ പറഞ്ഞുവെച്ച ഒരു വ്യക്തിയെ, കഥയുടെ വർത്തമാനകാലത്തിൽ അയാളുമായി ബന്ധമുള്ള സന്ദർഭങ്ങൾ വരുമ്പോൾ വീണ്ടും ഫ്ലാഷ് ബാക്കിലേക്ക് യാത്രചെയ്ത് ആ വ്യക്തിയുടെ പ്രാഭവം വ്യക്തമാക്കുന്ന ഈ ആഖ്യാനരീതിയിലൂടെ പ്രമേയത്തെ അന്യോന്യം ബന്ധപ്പെടുത്താൻ നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു. വർത്തമാന-ഭൂതകാലങ്ങളെ നൂലിട്ട് ബന്ധപ്പെടുത്തുന്ന രീതിയിൽ കോമൻനായരുടെ ഓർമ്മയിലൂടെ പിന്നോട്ടും വളരെ പെട്ടെന്നുതന്നെ മുന്നോട്ടും സഞ്ചരിക്കുന്ന കഥാപാത്രമാണിതിലെ ഉണ്ണൂനീലി. ഈ നോവലിലെ പ്രധാനകഥാപാത്രങ്ങൾ മാത്രമേ മനോവ്യാപാരത്തിലൂടെ ഹാസ്യാഖ്യാനം നടത്തുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. നോവലിൽ വിശദമായി അവതരിപ്പിക്കേണ്ടത് പ്രധാനകഥാപാത്രങ്ങളെയായതിനാലാവാം ഈ ആഖ്യാനതന്ത്രം വി.കെ. എൻ. സ്വീകരിച്ചത്.

3.പ്രവൃത്തി

നാടകങ്ങളുടെ പ്രധാന ആഖ്യാനതന്ത്രങ്ങളിലൊന്നാണ് കഥാപാത്രങ്ങളുടെ ക്രിയകളിലൂടെ ആഖ്യാനം നിർവഹിക്കുക എന്നത്. എന്നാൽ ഇതേ ആഖ്യാനരീതി നോവലുകളിലും കഥകളിലുമെല്ലാം ഉപയോഗിച്ചുകാണുന്നുണ്ട്. മഞ്ചലും ഇതിൽനിന്നും വ്യത്യസ്തമല്ല. പ്രതിപാദ്യത്തെ ഹാസ്യാത്മകമായി ആവിഷ്കരിക്കാനുള്ള പ്രധാനമാർഗങ്ങളിൽ ഒന്നായി ഗ്രന്ഥകാരൻ ഇതിനെ ഉപയോഗിച്ചിരിക്കുന്നു. കഥാപാത്രങ്ങളുടെ സ്വഭാവം, മാനസികാവസ്ഥ എന്നിവ വെളിപ്പെടുത്തുന്നതിനുള്ള ഉപാധിയായും ഇതു മാറുന്നു. കുഞ്ഞിമാളുവിന്റെ സംബന്ധചടങ്ങിനെക്കുറിച്ച് പറയുന്നതു നോക്കുക: "ഓർമ്മശക്തിയെ സ്തംഭിപ്പിച്ചു. കോണിയിറങ്ങി ഇടനാഴി കടന്ന് കോലായിലെത്തി. ഒരു നിലവിളക്കിനുചുറ്റും ശലഭംപോലെ കുറച്ചുനേരം ചുറ്റി. തിരിച്ചു നടന്നു."(84) എന്നാണ്. ഇവിടെ യന്ത്രസമാനമാണ് മാളുവിന്റെ പ്രവൃത്തികൾ. വിളക്കിനുചുറ്റും പാറുന്ന

ശലഭത്തെപ്പോലെ വളരെ കുറച്ചുസമയം സംബന്ധം എന്ന വഴിപാട് നടത്തി കുഞ്ഞിമാളു തിരിച്ചുപോയി. ഒരതിശയോക്തിയുമില്ലാതെ വളരെ ലാഘവത്തോടെ സംബന്ധം എന്ന കർമ്മത്തിന്റെ നിസ്സാരതയെയും കുഞ്ഞിമാളുവിന് അതിനോടുള്ള പുച്ഛവും ആ കഥാപാത്രത്തിന്റെതന്നെ പ്രവൃത്തിയിലൂടെ അവതരിപ്പിച്ച് അതിനു നേരെ ചിരിക്കുകയാണ് നോവലിസ്റ്റ്. നായികയുടെ പിന്നീടുള്ള പ്രവൃത്തികളെല്ലാം ഈ അഭിപ്രായത്തെ കൂടുതൽ ഉറപ്പിക്കുന്നു. വിളക്കിനുചുറ്റും പാറുന്ന ശലഭംപോലെ അവളുടെ സംബന്ധത്തിനും അത്ര ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. നിലവിളക്കിനുചുറ്റും പാറിനടന്ന് ബലിയാടാവുന്ന കുഞ്ഞുശലഭങ്ങൾക്ക് സമാനം തന്നെയായിരുന്നു നമ്പൂതിരി സംബന്ധത്തിലേർപ്പെടുന്ന നായർ പെൺകുട്ടികളുടെയും അവസ്ഥ എന്നുകൂടി ഇവയോട് ചേർത്തുവായിക്കേണ്ടതാണ്. അലങ്കാരങ്ങളുടെ സമൃദ്ധമായ ഉപയോഗത്തിലൂടെ വാക്യവൈചിത്ര്യം സൃഷ്ടിക്കുന്ന വി.കെ.എൻ. രീതിയ്ക്കുകൂടി ഉദാഹരണമാണിത്.

ഭക്ഷണവും പ്രണയവും തമ്മിലുള്ള സമ്മേളനം വി.കെ.എൻ.കൃതികളുടെ എടുത്തുപറയേണ്ട സവിശേഷതകളിൽ ഒന്നാണ്. ഇത് പലപ്പോഴും കഥാപാത്രങ്ങളുടെ പ്രവൃത്തിയിലൂടെയാണ് നോവലിൽ ഹാസ്യാത്മകമായി ആഖ്യാനം ചെയ്തിരിക്കുന്നത്. കുഞ്ഞിമാളു രാമപ്പണിക്കർക്ക് ഭക്ഷണം നൽകുന്ന സന്ദർഭം: "മോരൊഴിച്ച കൂട്ടാനായിരുന്നു. ഇളം മഞ്ഞനിറമാർന്ന ഈ ഉപദംശത്തിൽ പാകത്തിന് കരിവേപ്പിലയും കടുകും പാറിക്കിടന്നിരുന്നു..." ഇങ്ങനെ പോകുന്നു ഭക്ഷണവർണ്ണന. "ഇതിനെല്ലാം പുറമെ കുഞ്ഞിമാളു വേറൊരു പൊടിക്കൈചെയ്തു. നിമിഷനേരംകൊണ്ട് ഒരു കോഴിമുട്ട പൊരിച്ച് അവനെ വാട്ടിയനാക്കിലയിൽ പൊതിഞ്ഞ് പ്രത്യേക പ്രേമോപഹാരമായി കാമുകനു സമർപ്പിച്ചു. ഓതുകയും ചെയ്തു: "ഉണ്ടവനാണ് ഊക്കൻ"." (55) ഇങ്ങനെ സ്പെഷ്യൽ പ്രേമോപഹാരം നല്കി കാമുകന്റെ പിണക്കം മാറ്റുന്ന കുഞ്ഞിമാളുവിന്റെ ഹാസ്യാത്മകപ്രവൃത്തിയിലൂടെ ഭക്ഷണവും പ്രണയവും താദാത്മ്യംപ്രാപിക്കുന്ന സുന്ദരനിമിഷങ്ങൾ വി.കെ.എൻ. ആവിഷ്കരിക്കുന്നു. കുഞ്ഞിമാളു കോഴിമുട്ട പൊരിക്കുന്നതിൽ കാണിക്കുന്ന വേഗത്തിലൂടെയും രാമപ്പണിക്കരെ ഭക്ഷണം കഴിപ്പിക്കുന്നതിൽ കാണിക്കുന്ന ആവേശത്തിലൂടെയും ഇതു കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. 'ഉണ്ടവനാണ് ഊക്കൻ' എന്ന പ്രയോഗത്തിലെ ലൈംഗികസൂചന കാണാതെ പോകാനാവില്ല. 'വയറാണ് പുരുഷന്റെ ഹൃദയത്തിലേക്കുള്ളവഴി' എന്ന പഴമൊഴിയെ ശരിവയ്ക്കുന്നവരാണ് ഇദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. ഇവയ്ക്കുപുറമെ തറവാടിന്റെയും സ്ത്രീയുടെയും പ്രതാപം കാണിക്കുന്ന രീതിയിൽ ഭക്ഷണം നല്കി പുരുഷന്മാരെ ആകർഷിക്കുന്ന സ്ത്രീകളെയും പുരുഷൻ ഭക്ഷണം കഴിക്കുന്നതുകണ്ട് അവരെ

പ്രണയിക്കുന്ന സ്ത്രീകളെയും ഇതിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഉണ്ണൂനീലി ഉഗ്രന നൽകുന്ന ഭക്ഷണം, കോമപ്പന്റെ ഭോജനം കണ്ട് അയാളോടുള്ള പ്രണയം വർദ്ധിക്കുന്ന ഉണ്ണൂനീലി എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ. ഭക്ഷണത്തിലുംകൂടിയാണ് പുരുഷന്റെ വീര്യം എന്നു വിശ്വസിക്കുന്ന സ്ത്രീകളാണ് മഞ്ചലിലെ കുഞ്ഞിമാളുവും ഉണ്ണൂനീലിയും. വി.കെ.എൻ.കൃതികളിലെ ഹാസ്യാവിഷ്കാരം ഉമ്മറത്തുമാത്രം ഒതുങ്ങിനില്ക്കുന്നവയല്ല അകത്തളരഹസ്യങ്ങളെവരെ സത്യമോ മിഥ്യയോ എന്ന് തിരിച്ചറിയാനാവാത്തവിധം ഹാസ്യാത്മകമായി വരച്ചിടുകയാണിവിടെ. ഭക്ഷണത്തിന് അമിതപ്രാധാന്യം നല്കിയിരുന്ന ആ കാലഘട്ടത്തിലേക്കു കൂടിയാണ് വി.കെ.എൻ. വിരൽ ചൂണ്ടുന്നത്.

കുഞ്ഞിമാളുവിന്റെ അമ്മാവനും ദേശത്തെ അധികാരിയുമായ കണ്ടർമേനോന്റെ പ്രവൃത്തിയിലൂടെയാണ് നോവലിസ്റ്റ് പ്രധാനമായും അദ്ദേഹത്തിന്റെ സ്വഭാവാവിഷ്കരണവും നോവലിലെ മറ്റുകഥാപാത്രങ്ങളുടെ സ്ഥാനമാനങ്ങളും വ്യക്തമാക്കുന്നത്. അധികാരി നാണുനമ്പൂതിരിയെ സ്വീകരിക്കുന്ന രംഗം: "അധികാരി ഓടിപ്പോയി പടിക്കൽവെച്ച് സ്വീകരിച്ചു. വയറിനെ ഭക്തിപൂർവ്വം എതിരേറ്റ് കൊണ്ടുവന്നു. ഉമ്മറത്തുവിരിച്ച പുൽപായിൽ ഭദ്രമായിരുത്തി. അരികിൽനിന്ന് വിശറിയെടുത്ത് വീശാൻ തുടങ്ങി"(67). നമ്പൂതിരിയിലെ ഗുരുത്വത്തെക്കാൾ നമ്പൂരിത്വത്തെയാണ് ഇത്രയും താഴ്മയോടെ അടിമയായി നിന്നുകൊണ്ട് ബഹുമാനിക്കുന്നത്. വയറിനെ ഭക്തിപൂർവ്വം എതിരേറ്റ് കൊണ്ടുവന്നു എന്നു പറയുന്നതിൽ കുടവയറനായ നമ്പൂതിരിയെ (നടക്കുമ്പോൾ വയറാണല്ലോ മുമ്പെ നടക്കുക, അപ്പോൾ ആദ്യ സ്വീകരണവും വയറിനുതന്നെ) എതിരേറ്റു എന്നും സംബന്ധത്തിന്റെ പ്രധാനഘടകങ്ങളിലൊന്നായ വയറിനെ (വയറിനെ തൃപ്തിപ്പെടുത്തൽ തന്നെയാണല്ലോ സംബന്ധത്തിന്റെ ഒരുദ്ദേശ്യം) എതിരേറ്റു എന്നും അർത്ഥം കല്പിയ്ക്കാം. ഇതിലൂടെ ആ കാലഘട്ടത്തിൽ നമ്പൂതിരിമാർക്ക് ലഭിച്ചിരുന്ന ആദരവിനെയാണ് സൂചിപ്പിക്കുന്നത്. "മാളികമുകളിലേക്ക് വഴികാണിച്ചുകൊണ്ട്, ആതിഥേയൻ അധികാരി, അഭ്യാസിക്കഭിമുഖമായി പിൻതിരിഞ്ഞുനടന്ന് കോണി കയറി"(96)ക്കൊണ്ടാണ് നമ്പൂതിരിക്കുശേഷം വീട്ടിൽ വന്ന ഉഗ്രനെ അധികാരി സ്വീകരിക്കുന്നത്. 'അഭ്യാസിക്കഭിമുഖമായി പിൻതിരിഞ്ഞുനടന്ന് കോണി കയറ്'ന്നതിലൂടെ ഇവിടെയും ആദരത്തിന്റെ ഉച്ചാവസ്ഥയെയാണ് നർമ്മത്തിൽ ചാലിച്ചവതരിപ്പിക്കുന്നത്. അവിടെ നമ്പൂതിരിത്വത്തിനുള്ള ആദരവായിരുന്നെങ്കിൽ ഇവിടെ പാണ്ഡിത്യത്തിനും ഉദ്യോഗത്തിനുമുള്ള ആദരവായി മാറുന്നു. ഈ രണ്ടു സന്ദർഭങ്ങളിലുമുള്ള കണ്ടർമേനോന്റെ പ്രവൃത്തിയിലൂടെ മാറിവരുന്ന

അധികാരപരിണാമത്തെയാണിവിടെ ആഖ്യാനം ചെയ്യുന്നത്. തൻ കാര്യം നേടാൻ കഴുതക്കാലും പിടിക്കുന്ന ചഞ്ചലമനസ്കനായ കണ്ടരെ, അദ്ദേഹത്തിന്റെ പെരുമാറ്റത്തിലൂടെ അവതരിപ്പിക്കാനും ഗ്രന്ഥകാരന് കഴിഞ്ഞിരിക്കുന്നു. ഇവയ്ക്കുപുറമെ കണ്ടർക്ക് ഉണ്ണുനീലിയോടുള്ള ബഹുമാനം, രാമപ്പണിക്കരോടുള്ള കാർക്കശ്യം എന്നിവ അവരുടെ സ്ഥാനമാനങ്ങളെ നിർണ്ണയിക്കുന്നവയായും മാറുന്നു.

പ്രവൃത്തിയിലൂടെയുള്ള ഹാസ്യാഖ്യാനത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ് അംഗചലനങ്ങളിലൂടെയുള്ള ഹാസ്യാഖ്യാനവും. നാടകാഖ്യാനരീതിയായ അംഗചലനാവിഷ്കാരത്തിലൂടെ വളരെ വിദഗ്ധമായി ഹാസ്യാഖ്യാനം നടത്തുകയെന്നത് വി.കെ.എൻ. രീതിയാണ്. അദ്ദേഹത്തിന്റെ പയ്യൻകഥകൾ, പിതാമഹൻ, ആരോഹണം തുടങ്ങി അനവധി ദൃഷ്ടാന്തങ്ങളുണ്ട്. മഞ്ചലിലെ അധികാരിയുടെയും നമ്പൂതിരിയുടെയും ചലനങ്ങൾ പലപ്പോഴും ഇതിനുദാഹരണമാണ്. സന്നി ബാധിച്ച് ആദ്യവേളി മരിച്ചുവെന്നറിഞ്ഞപ്പോഴുള്ള നാണുനമ്പൂതിരിയുടെ പ്രതികരണം: "നമ്പൂതിരി ചെറുവിരൽ കുത്തനെ വിറപ്പിച്ചുകൊണ്ടുപറഞ്ഞു: "അഃ അതുമുണ്ടായി അല്ലേ?"." (81). യാതൊരു സങ്കടവുമില്ലാതെ നിസ്സാരമായി അതും തള്ളി എന്നുകാണിക്കാനാണിവിടെ നമ്പൂതിരിയുടെ ചലനംകൂടി ആവിഷ്കരിച്ചത്. പാപ്പിയുടെ മരണം ഒരുപാട് വേളികളും സംബന്ധങ്ങളുമുള്ള നമ്പൂതിരിയിൽ 'ചെറുവിരലനക്കം' മാത്രമേ ഉണ്ടാക്കിയുള്ളൂവെന്ന് അദ്ദേഹത്തിന്റെ വിരലനക്കത്തിലൂടെ ഹാസ്യാത്മകമായി അവതരിപ്പിച്ചിരിക്കുന്നു.

ഈ ഉദാഹരണങ്ങൾക്കുപുറമെ സംബന്ധദിവസം കുഞ്ഞിമാളുവിന്റെ വരവും കാത്തിരിക്കുന്ന നമ്പൂതിരി (87,88), നമ്പൂതിരിയുടെ അടുത്തുനിന്നും രക്ഷപ്പെട്ട മാളു രാമപ്പണിക്കരുടെ മുറിയിൽ കയറിയപ്പോൾ അയാൾക്കുണ്ടായ വെപ്രാളം (89), ഉഗ്രനെ കണ്ടപ്പോൾ കുഞ്ഞിമാളുവിനുണ്ടായ അബോധാവസ്ഥ, പിന്നീടുണ്ടായ പ്രണയം (96), കുഞ്ഞിമാളുവിന്റെ സൗന്ദര്യത്തിൽ അഭിരമിച്ച് നിൽക്കുന്ന ഉഗ്രൻ (100-103) തുടങ്ങി ധാരാളം സന്ദർഭങ്ങൾ കഥാപാത്രങ്ങളുടെ ആംഗികചലനത്തിലൂടെ രസകരമായി ആവിഷ്കരിച്ചിരിക്കുന്നു.

വ്യത്യസ്ത ആഖ്യാനതന്ത്രങ്ങളാൽ സമ്പുഷ്ടമാണ് വി.കെ.എൻ.കൃതികൾ. ആഖ്യാനത്തിലുടനീളം കൊരുത്തിവെച്ച ഹാസ്യമാണ് അദ്ദേഹത്തിന്റെ കൃതികളെ മറ്റു സാഹിത്യകൃതികളിൽനിന്നും ഹാസ്യസാഹിത്യകൃതികളിൽനിന്നും വ്യത്യസ്തമാക്കുന്നത്. കഥാപാത്രചിത്രീകരണത്തിലൂടെ ഹാസ്യാഖ്യാനം നടത്തുകയെന്നത് അദ്ദേഹത്തിന്റെ

ആഖ്യാനമാർഗങ്ങളിൽ ഒന്നുമാത്രമാണ്. കഥാപാത്രത്തിന്റെ ഭക്ഷണപ്രിയം, സ്നേഹം, പ്രണയം, കാമം, മനസ്സിന്റെ മറ്റുസങ്കീർണ്ണ തലങ്ങൾ എന്നിവയെല്ലാം ഒരുമറയുമില്ലാതെ വെളിപ്പെടുത്തുന്നതോടൊപ്പം കഥയുടെ പശ്ചാത്തലം, കഥയുടെ പൂർവ്വാഖ്യാനത്തിനുള്ള സാധ്യത തുടങ്ങിയവയെല്ലാം കഥാപാത്രചിത്രീകരണത്തിലൂടെ സാധ്യമാക്കിയിരിക്കുന്നു. ഓരോ കഥാപാത്രത്തിന്റെയും കഥയുടെയും വളർച്ച കഥാപാത്രാഖ്യാനത്തിലൂടെയാണ് അവതരിപ്പിച്ചിരിക്കുന്നതെന്നുചുരുക്കം.

കഥാപാത്രത്തിന്റെ സംഭാഷണം, മനോവ്യാപാരം, പ്രവൃത്തി എന്നിവയുടെ വിചിത്രമായ സന്നിവേശത്തിലൂടെയാണ് കഥാപാത്രചിത്രീകരണത്തിലൂടെ മഞ്ചലിൽ തമാശയുണ്ടാക്കിയത്. കഥാപാത്രങ്ങളുടെ സംഭാഷണാഖ്യാനത്തിലൂടെ ഹാസ്യം സൃഷ്ടിക്കുമ്പോൾ അത് വാച്യപ്രധാനമെന്നപോലെ കോഡിലൂടെയും ദ്വയാർഥങ്ങളിലൂടെയും ശ്ലോകങ്ങളിലൂടെയും മറ്റും ധ്വനിപ്രധാനമായും പ്രയോഗിച്ച് സാധാരണമായ കാര്യങ്ങളെപ്പോലും വിചിത്രവും അസാധാരണവും അപരിചിതവുമായ ഒന്നാക്കിത്തീർക്കുന്നു. അപ്പോഴുളവാകുന്ന പൊരുത്തക്കേടും വൈരുദ്ധ്യവും അപ്രതീക്ഷിതത്വവുമൊക്കെ ചിരിക്കു ഹേതുവാകുകയും ചെയ്യുന്നു.

കഥാപാത്രങ്ങളുടെ മനോവ്യാപാരം, പ്രവൃത്തി തുടങ്ങിയവ വിസ്തരിച്ച് ആഖ്യാനത്തിന് ത്രിമാനസ്വഭാവം നല്കുന്നു. ഇങ്ങനെ ആഖ്യാനത്തിന്റെ വ്യത്യസ്ത അടരുകളിലേക്ക് പ്രവേശിച്ച് അവയിലെല്ലാം ചിരിയുടെ ഉറവുകൾ കണ്ടെത്തിയ എഴുത്തുകാരനാണ് വി.കെ.എൻ. അതിനുപകരിക്കുന്ന സവിശേഷമായ ഭാഷാരീതികൾ രൂപപ്പെടുത്താൻ കഴിഞ്ഞതാണ് വി.കെ.എൻ എന്ന കഥാകാരനെ അനന്യനാക്കുന്നത്.

കേരളത്തിൽ നിലനിന്ന സംബന്ധവ്യവസ്ഥിതിയെ പ്രധാനപ്രമേയമാക്കുകയും വിമർശിക്കുകയും ചെയ്യുമ്പോഴും അതിന്റെ ഗൗരവസ്വഭാവത്തെ പിന്തള്ളാതെത്തന്നെ പരിഹാസവും തമാശയും മുൻകൈ നേടുന്ന തരത്തിൽ ആഖ്യാനം നിർവ്വഹിക്കാനാവുന്നു എന്നതാണ് അദ്ദേഹത്തിന്റെ സവിശേഷത. ഭാഷയിലെ ഹാസ്യസാദ്ധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ അദ്ദേഹത്തിനു കഴിയുന്നു. ആഖ്യാനത്തിൽ നിരന്തരം പുതിയ തന്ത്രങ്ങൾ മെനഞ്ഞ് അതിലുടനീളം ചിരിയമിട്ടുകൾ ഒളിപ്പിച്ചുവയ്ക്കുകയാണ് ഈ 'ചിരിയുടെ പിതാമഹൻ'.

ഗ്രന്ഥസൂചി

1. അപ്പൻ, കെ.പി. 1997. ചിരിയുടെ പിതാമഹൻ. (എഡി.) ഡോ. പി.സി. റോയി. കോട്ടയം: ഡി.സി. ബുക്സ്.

2. നാരായണൻകുട്ടിനായർ, വി.കെ., 2007. മഞ്ചൽ. കോട്ടയം: ഡി.സി. ബുക്സ്.

3. രമ്യ, ടി. 2004. 'ഹാസ്യനിർമ്മിതിയും വി.കെ.എന്റെ ഭാഷയും' (എഡി.) ടി. പവിത്രൻ. അധിനിവേശിതസമൂഹവും സാഹിത്യവും, കണ്ണൂർ: മലയാള വിഭാഗം. പയ്യന്നൂർ കോളേജ്.

4. രവിശങ്കർ, എസ്., 2011. ഹാസ്യത്തിന്റെ രസതന്ത്രം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

5. ലിസി മാത്യു, വി., 2000. വി.കെ.എൻ. പുതിയ പുരുഷാർത്ഥങ്ങളുടെ ചക്രവർത്തി. കോട്ടയം: എൻ.ബി.എസ്.

6. ഷിബൂഷ്, ശ്രീനാരായണൻ, 2014. വി.കെ.എൻ. വായനകൾ. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

7. Ermida, Isabel. 2008. The lanuaage of Comic Narratives Humor Construction in Short stories. Berlin, Newyork: Mouton de Gruyter.